# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**01 -10 -2018 to 31-03 -2019**

**വാർഡ് 1 : മൂരികുത്തി**

**കൂത്താളി ഗ്രാമപഞ്ചായത്ത്**

**പേരാമ്പ്ര ബ്ലോക്ക്**

**കോഴിക്കോട് ജില്ല**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

**<u>സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ</u>**

| | |
|---|---|
| ആതിര കെഎം | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| അമൃതരാജ് കെ. പി | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| അപർണ കൃഷ്ണൻ | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| അശ്വനി കെ വൽസൻ | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| ഷബീന എൻ.പി | വില്ലേജ് റിസോഴ്സ് പേഴ്സൺ |
| രമ്യ വിപി | വില്ലേജ് റിസോഴ്സ് പേഴ്സൺ |

## പഞ്ചായത്തിൻറെ  അടിസ്ഥാന വിവരങ്ങൾ

| പഞ്ചായത്തിൻറെ പേര് | കൂത്താളി പഞ്ചായത്ത് |
|---|---|
| വിസ്തീർണ്ണം | 14.13 ച കി മി |
| ജില്ല  പഞ്ചായത്ത് | കോഴിക്കോട് |
| ബ്ലോക്ക്  പഞ്ചായത്ത് | പേരാമ്പ്ര |
| താലൂക്ക് | കൊയിലാണ്ടി |
| ഉൾപ്പെടുന്ന    വാർഡുകൾ | 13 |
| തൊഴിൽ  കാർഡ്  ഉടമകൾ | 3946 |
| സജീവ  തൊഴിലാളികൾ | 3652 |
| നിഷ്ക്രിയ  തൊഴിലാളികൾ | 294 |

## പഞ്ചായത്ത് അതിരുകൾ

| | |
|---|---|
| കിഴക്ക് | ചക്കിട്ടപ്പാറ |
| പടിഞ്ഞാറ് | പേരാമ്പ്ര  ചങ്ങരോത്ത്  പഞ്ചായത്ത് |
| തെക്ക് | പേരാമ്പ്ര  കായണ്ണ  പഞ്ചായത്തുകൾ |
| വടക്ക് | ചങ്ങരോത്ത്  പഞ്ചായത്ത് |

# ആമുഖം

ഇന്ത്യയിലെ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിൻറെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻ പാർലമെൻറ് പാസ്സാക്കിയ നിയമം ആണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23 തിയ്യതിയാണ് പാർലമെൻറ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും,വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും അതുപോലെ എടുത്ത തൊഴിലിന്റെ വേതനം 14 ദിവസത്തിലധികം വൈകിയാൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട് തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും

ഉറപ്പുവരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിൻറെ പ്രത്യേകത. ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 ന് ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും,പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു.2007 മേയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്.

ആഗോളതലത്തിൽ സവിശേഷത സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണത്തിൽ നിർണ്ണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009 ഒക്ടോബർ 2ന് കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## <u>മുഖ്യ ലക്ഷ്യങ്ങൾ</u>

- അവിദഗ്ദ്ധ-കായിക തൊഴിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ അസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.
- ദരിദ്രരുടെ ഉപജീവസാനവുമായി ബന്ധപ്പെട്ട വിഭാവാടിത്തറ ശക്തിപ്പെടുത്തൽ.
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.
- പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## സവിശേഷതകൾ

- നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം.
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന.
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുക ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാനും അവസരം.
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.
- ബാങ്ക് /പോസ്റ്റ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന.
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം. ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു സോഷ്യൽ ഓഡിറ്റ് ചെയ്യുന്നു. (സോഷ്യൽ ഓഡിറ്റ് സംവിധാനം).
- പരാതി പരിഹാര സംവിധാനം

## രീതിശാസ്ത്രം

* പ്രവർത്തി ഫയലുകൾ, രജിസ്റ്ററുകൾ, പ്രവർത്തി സ്ഥലങ്ങൾ, എം ഐ എസ് എന്നിവ പരിശോധിച്ചു.

*റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ.

*തൊഴിലാളികളുമായി സംവദിച്ചു. തൊഴിൽ കാർഡ്, പാസ് ബുക്ക്, എന്നിവ പരിശോധിച്ചു.

*റിപ്പോർട്ട് എം.ഐ.എസ് ഫോർമാറ്റ് എന്നിവ തയ്യാറാക്കി.

## <u>തൊഴിലാളികൾക്ക് 10 അവകാശങ്ങൾ</u>.

1. തൊഴിൽകാർഡ് ലഭിക്കു വാനുള്ളഅവകാശം

2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശവും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുന്നതിനുമുള്ള അവകാശം.

3.തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിയ്ക്കുവാനുള്ള അവകാശം,

4. ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം, .

5. 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശം, അല്ലെങ്കിൽ (വേതനത്തിന്റെ 10 ശതമാനം അധികം)

6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം ഇവ ലഭിയ്ക്കുന്നതിനുള്ള അവകാശം

തൊഴിലിടങ്ങളിലെ സൗകര്യങ്ങള്

15 .7ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

.8 വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിയ്ക്കുവാനുള്ള അവകാശം,

9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം,

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

**അവകാശങ്ങളുമായി ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്ന് ചോദിച്ചറിഞ്ഞ വിവരങ്ങൾ**

*** തൊഴിൽ കാർഡ്**

സജീവ തൊഴിലാളികൾക്ക് പുതിയ തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല. എല്ലാവരും തൊഴിൽ കാർഡിലേക്ക് ആവശ്യമായ ഫോട്ടോ തൊഴിലാളികൾ സ്വന്തമായി പൈസ ചിലവഴിച്ച് എടുക്കാറാണ്. തൊഴിലാളികളുടെ തൊഴിൽ കാർഡിലേക്ക് ഫോട്ടോ പഞ്ചായത്ത് നിന്ന് എടുത്തു കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നത് നല്ലതായിരിക്കും.

***തൊഴിൽ അപേക്ഷ**

പൊതു പ്രവർത്തികൾക്കായി തൊഴിലാളികൾ വ്യക്തിപരമായി അപേക്ഷ നൽകാറുണ്ട് എന്ന് മനസ്സിലായി. തൊഴിൽ അപേക്ഷിച്ച് 14 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറുണ്ട് എന്ന് തൊഴിലാളികളിൽ നിന്നും മനസ്സിലായി.

*** കൂലി നഷ്ടപരിഹാരം**

തൊഴിലുറപ്പ് നിയമപ്രകാരം പ്രവർത്തി കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കേണ്ട അവകാശം തൊഴിലാളികൾക്ക് ഉണ്ട്. ഈ പ്രവർത്തിയുടെ വേതനം തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ട്.

*** തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ**

കുടിക്കാനുള്ള വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭ്യമാക്കണമെന്ന് തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 2 23 28 കേന്ദ്ര വാർഷിക മാസ്റ്റർ സർക്കുലർ 8, 8.2 അനുശാസിക്കുന്നുണ്ട്. തെഴിലാളികളുമായി നേരിട്ട് നടത്തിയ സംഭാഷണത്തിനിടയിൽ പ്രവർത്തി സ്ഥലങ്ങളിൽ സൗകര്യങ്ങൾ ഒന്നും തന്നെ ലഭിക്കാറില്ല എന്നാണ്. തൊഴിലാളികൾ തന്നെ കുടിവെള്ളം കൊണ്ടുവരുന്നതാണ് അറിയാൻ കഴിഞ്ഞത്. പ്രഥമശുശ്രൂഷ കിറ്റുകൾ, തണൽ എന്നിവ പണി സ്ഥലങ്ങളിൽ ലഭിച്ചിട്ടില്ല.

*** ചികിത്സാസഹായം**

തൊഴിലുറപ്പ്  നിയമം ഷെഡ്യൂൾ രണ്ടിൽ 5 കേന്ദ്ര വാർഷിക സർക്കുലർ 9 പ്രകാരവും സ്ത്രീകൾക്ക് തൊഴിൽ സ്ഥലത്ത് വെച്ച് അപകടം സംഭവിച്ചാൽ സഹായം ഉറപ്പുവരുത്തേണ്ടതാണ്.

*** ഷെൽഫ് പ്രൊജക്ട് തയ്യാറാക്കാനുള്ള അവകാശം**

ഷെൽഫ് ഓഫ് വർക്കിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉണ്ടാകാറില്ല. അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം. സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിന് ഉള്ള അവകാശം. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. തൊഴിലുറപ്പ് നിയമം സെക്ഷൻ 17(2)തൊഴിലുറപ്പ് നിയമം  സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം നൽകുന്നു.

## പ്രവർത്തി സംബന്ധിച്ച വിശദാംശങ്ങൾ

1. കല്ല് കയ്യാല നിർമ്മാണം മൂരികുത്തി ഭാഗം - 2 (1604009005/WC/329821)

2. കുറ്റ്യാടി ഇറിഗേഷൻ കനാൽ 1/1 (1604009005/IC/321283)

3. കല്ല് കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം - 3 (1604009005/WC/330574)

4. കുറ്റ്യാടി ഇറിഗേഷൻ കനാൽ 1/2 (1604009005/IC/321342)

5. തോട് നവീകരണം 1/1 മൂരികുത്തി (1604009005/WH/320233)

6. കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം 4 (1604009005/WC/329774)

7. കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം 1 (1604009005/WC/328359)

8. കല്ല് കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം 1(1604009005/WC/329820)

9. കല്ല് കയ്യാല നിർമ്മാണം മൂരികുത്തി 4 (1604009005/WC/330575)

10. മൺ ബണ്ട് നിർമ്മാണം മൂരികുത്തി 6 (1604009005/IF/301138)

11. കുറ്റ്യാടി ഇറിഗേഷൻ കനാൽ 1/3 (1604009005/IC/321343)

12. കയ്യാല നിർമ്മാണം മൂരികുത്തി ഭാഗം 2 (1604009005/WC/328560)

13. കയ്യാല നിർമ്മാണം മൂരികുത്തി ഭാഗം -3 (1604009005/WC/329772)

14. തോട് നവീകരണം (1604009005/WH/319970)

| ക്രമ നമ്പർ | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ സ്ഥിതി | അടങ്കൽ തുക | ലഭിച്ച തൊഴിൽ ദിനങ്ങൾ | ആകെ വേതനം | സാധന ഘടകം |
|---|---|---|---|---|---|---|---|
| 1 | (1604009005/WC/329821) | കല്ല് കയ്യാല നിർമ്മാണം മൂരികുത്തി ഭാഗം - 2 | completed | 300000 | 1107 | 299997 | 1091 |
| 2 | (1604009005/IC/321283) | കുറ്റ്യാടി ഇറിഗേഷൻ കനാൽ 1/1 | completed | 300000 | | 107996 | |
| 3 | (1604009005/WC/330574) | കല്ല് കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം | completed | 111100 | 395 | 107045 | 4025 |
| 4 | 2(1604009005/IC/321342) | കുറ്റ്യാടി ഇറിഗേഷൻ കനാൽ 1/2 | completed | 250000 | 607 | 164497 | 4025 |
| 5 | (1604009005/WH/320233) | കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം 4 | completed | 250000 | 607 | | |
| 6 | 1604009005/WC/329774) | കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം 4 | completed | 250000 | 901 | 217141 | 2040 |
| 7 | (1604009005/WC/328359) | കയ്യാല നിർമ്മാ | completed | 300000 | 1107 | 29997 | 2424 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ണം മൂരി കുത്തി ഭാഗം 1 | | | | | |
| 8 | 1(1604009005/WC/329820) | കല്ല് കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം | completed | 300000 | 454 | 147695 | 1140 |
| 9 | (1604009005/WC/330575) | കല്ല് കയ്യാല നിർമ്മാണം മൂരികുത്തി 4 | completed | 30000 | 411 | 111381 | 899 |
| 10 | (1604009005/IF/301138) | മൺ ബണ്ട് നിർമ്മാണം മൂരികുത്തി 6 | completed | 30000 | 1020 | 276420 | 2635 |
| 11 | (1604009005/IC/321343) | കുറ്റ്യാടി ഇറിഗേഷൻ കനാൽ 1/3 | completed | 92723 | 327 | 88617 | 4042 |
| 12 | (1604009005/WC/328560) | കയ്യാല നിർമ്മാണം മൂരികുത്തി ഭാഗം 2 | completed | 30000 | 1065 | 288615 | 2707 |
| 13 | (1604009005/WC/329772) | കയ്യാല നിർമ്മാണം മൂരികുത്തി ഭാഗം -3 | completed | 829 | 250000 | 224659 | 2040 |
| 14 | (1604009005/WH/319970) | തോട് നവീകണം | completed | 901 | 30000 | 244171 | 1263 |

## 1.കല്ല് കയ്യാല നിർമ്മാണം മൂരികുത്തി ഭാഗം -2

Work Code : 1604009005/WC/329821

പ്രവർത്തി നടന്നത് 14/02/2019 മുതൽ 15/03/2019 വരെ അഞ്ച് ഘട്ടങ്ങളിലായി 17 മാസ്റ്ററോളുകളിൽ 21 തൊഴിലാളികൾ 29 ദിവസങ്ങളിലായി 1107 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.

അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച ഈ പ്രവൃത്തിക്ക് വേതന ഇനത്തിൽ 29997 രൂപയും വാടക ഇനത്തിൽ 1091 രൂപയും ചിലവഴിച്ചു.പ്രവൃത്തി സ്ഥല പരിശോധനയിൽ മെഷർമെൻറ് ബുക്ക് പ്രകാരം 799.23 മീറ്റർ ആണ് ഉള്ളത്. എന്നാൽ അളക്കാൻ കഴിഞ്ഞത് 623 മീറ്റർ ആണ്. ഗീത (KL-04-009-005-001/42) എന്ന ആളുടെ സ്ഥലത്ത് നല്ല പ്രവൃത്തി കാണാൻ കഴിഞ്ഞു. ഭൂഉടമയായ ശൈലജ (KL-04-009-005-001/108) എന്ന ആളുടെ സ്ഥലത്ത് കല്ല് കയ്യാല ഇടിഞ്ഞ നിലയിൽ കാണപ്പെട്ടു. കുറേ കയ്യാലകൾ അളക്കാൻ കഴിയാത്ത രീതിയിൽ കാടു മൂടിയ നിലയിലാണ് കാണാൻ കഴിഞ്ഞത്

## 2. കുറ്റ്യാടി ഇറിഗേഷൻ കനാൽ 1/1

Work Code : 1604009005/IC/321283

പ്രവൃത്തി നടന്നത് 21/01/2019 മുതൽ 04/02/2019 വരെ രണ്ട് ഘട്ടങ്ങളിലായി 10 മസ്റ്റർറോളുകളിലായി 38 തൊഴിലാളികൾ 13 ദിവസങ്ങളിലായി 381 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 107996 രൂപയും വേതനയിൽ രൂപയും ചിലവഴിച്ചത്. മെഷർമെൻറ് ബുക്ക് പ്രകാരം 1409.054 മീറ്റർ ആണ് ഉള്ളത്. എന്നാൽ ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 528 മീറ്ററാണ് .ബാക്കി മുഴുവനായും കാട് പിടിച്ച അവസ്ഥയിൽ ആണ്. ഈ പ്രവൃത്തിയുടെ മേറ്റ് നീന എംകെ (KL-04-009-005-001/108) പറഞ്ഞത് കനാൽ നവീകരണ പ്രവൃത്തിയിൽ ഫസ്റ്റ് എയ്ഡ് ബോക്സ് അവർക്ക് പഞ്ചായത്തിൽ നിന്ന് നൽകിയിരുന്നില്ല കൂടാതെ തണൽ സൗകര്യവും ലഭിച്ചിരുന്നില്ല കുടിവെള്ളം അവർ ബോട്ടിൽ കൊണ്ട് പോകാറാണ് പതിവ് വളരെ പ്രയാസം നിറഞ്ഞ ഒരു പ്രവൃത്തിയായിരുന്നു.

## 3. കല്ല് കയ്യാല മൂക്കുത്തി ഭാഗം -3

Work Code : 1604009005/WC/330574

പ്രവൃത്തി 14/02/2019 മുതൽ 15/01/2019 വരെ. അഞ്ച് ഘട്ടങ്ങളിലായി 20 മസ്റ്റർറോളുകളിൽ ആയി നടന്ന പ്രവൃത്തിയായിരുന്നു. 44 തൊഴിലാളികൾ 29 ദിവസങ്ങളിലായി 1088 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച ഈ പ്രവൃത്തിക്ക് വേതന ഇനത്തിൽ 294848 രൂപയും വാടകയിനത്തിൽ 1105 രൂപയും ചിലവഴിച്ചു. സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലാണ് പ്രവൃത്തി അധികവും നടന്നത്. പ്രവർത്തി സ്ഥല പരിശോധനയിൽ മനസ്സിലായത് തൊഴിലാളികൾക്കും ഈ പ്രവൃത്തിയുടെ വേതന ലഭിച്ചിട്ടുണ്ടെന്നാണ്.മെഷർമെൻറ് ബുക്ക് പ്രകാരം 1574.9 മീറ്റർ കയ്യാലകൾ ആണ്. എന്നാൽ ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 1268 മീറ്ററാണ് ഭൂഉടമയായ രമ ഗോപാലൻ (KL-04-009-005-001/190) എന്ന ആളുടെ വീട്ടിൽ കല്ല് കയ്യാല ഇടഞ്ഞു നിലയിൽ കാണാൻ കഴിഞ്ഞു.

## 4. കുറ്റ്യാടി ഇറിഗേഷൻ കനാൽ 1/2

Work Code: 1604009005/IC/321342

പ്രവൃത്തി 21/01/2019 മുതൽ 03 /02/2019 വരെ. രണ്ട് ഘട്ടങ്ങളിലായി 10 മാസ്റ്റർ റോളുകളിൽ ആയി നടന്ന പ്രവൃത്തിയായിരുന്നു. 47 തൊഴിലാളികൾ 35 ദിവസങ്ങളിലായി 395 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 111100 രൂപ അനുവദിച്ച ഈ പ്രവൃത്തിക്ക് വേതന ഇനത്തിൽ 107045 രൂപയും വാടകയിനത്തിൽ 4025 രൂപയും ചിലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം 623.845 മീറ്റർ ആണ്. എന്നാൽ ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 507 മീറ്റർ ആണ്. ബാക്കി ഭാഗങ്ങൾ കാടുപിടിച്ച നിലയിൽ കാണാൻ കഴിഞ്ഞു.

## 5. തോട് നവീകരണം 1/1 മൂരികുത്തി

Work Code : 1604009005/WH/320233

പ്രവൃത്തി 22/12/2018 മുതൽ 30 /12/2018 വരെ. മൂന്ന് ഘട്ടങ്ങളിലായി 15 മാസ്റ്റർ റോളുകളിൽ 44 തൊഴിലാളികൾ 18 ദിവസങ്ങളിലായി 607 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 250000 രൂപ അനുവദിച്ച ഈ പ്രവൃത്തിക്ക് വേതന ഇനത്തിൽ 164497 രൂപയും വാടക ഇനത്തിൽ 1287 രൂപയും ചിലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം നീളം 5958.14 മീറ്റർ ആണ് ഉള്ളത്. 2638 മീറ്റർ നീളം വരെ സൈറ്റ് സന്ദർശിച്ചപ്പോൾ അളക്കാൻ സാധിച്ചു. ബാക്കി ഭാഗങ്ങൾ കാട് മൂടിയ നിലയിൽ കാണാൻ കഴിഞ്ഞു. ഈ പ്രവൃത്തി കാട് വെട്ടി തെളിച്ച് മണ്ണെടുത്ത് ജലസേചന യോഗ്യമാക്കുന്ന രീതിയിൽ തന്നെയാണ് പ്രവൃത്തി നടത്തിയത്. പ്രവർത്തിയിൽ ഉൾപ്പെട്ട തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ, പ്രഥമ ശുശ്രൂഷ കിറ്റുകൾ എന്നീ തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. കുടിവെള്ള സൗകര്യം മേറ്റ് ആയ ഭവാനി( KL-04-009-005-001/151) സൈറ്റിൽ എത്തിച്ചു കൊടുക്കാറാണ് എന്ന് അറിയാൻ കഴിഞ്ഞത്.

## 6.കയ്യാല നിർമ്മാണം മൂരിക്കുത്തി ഭാഗം - 4

Work Code: 1604009005/WC/329774

പ്രവൃത്തി 26/10/2018 മുതൽ 24/ 11/2018 വരെ. അഞ്ച് ഘട്ടങ്ങളിലായി 20 മാസ്റ്റർ റോളുകളിൽ ആയി നടന്ന പ്രവൃത്തിയായിരുന്നു. 40 തൊഴിലാളികൾ 27 ദിവസങ്ങളിലായി 901 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 250000 രൂപ അനുവദിച്ച ഈ പ്രവൃത്തിക്ക് വേതന ഇനത്തിൽ 244171 രൂപയും വാടകയിനത്തിൽ 2040 രൂപയും ചെലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം നീളം 3660.26 മീറ്റർ ആണ്. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 2850 മീറ്റർ ആണ്. അബ്ദുള്ള (KL-04-009-005-001/286) എന്ന ഭൂഉടമകളുടെ സ്ഥലത്ത് 6 മീറ്റർ മണ്ണ് കയ്യാല മണ്ണിട്ട് മൂടിയ നിലയിൽ കാണാൻ കഴിഞ്ഞു. ലൈല (KL-04-009-001/238) എന്ന ഭൂ ഉടമകളുടെ സ്ഥലത്ത് 16 മീറ്റർ കയ്യാല കാട് പിടിച്ച നിലയിൽ കാണാൻ കഴിഞ്ഞു. മൊയ്തീൻ (KL-

04-009-001/172) എന്നിവരുടെ സ്ഥലത്തെ കയ്യാല 6 മീറ്റർ കാട് പിടിച്ച അവസ്ഥയിൽ ആയിരുന്നു.

## 7. കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം - 1

Work Code : 1604009005/WC/328359

പ്രവൃത്തി 26/10/2018 മുതൽ 27 /11/2018 വരെ. അഞ്ച് ഘട്ടങ്ങളിലായി 25 മാസ്റ്റർറോളുകളിൽ ആയി നടന്ന പ്രവൃത്തിയായിരുന്നു. 46 തൊഴിലാളികൾ 9 ദിവസങ്ങളിലായി 1107 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച പ്രവർത്തിക്ക് വേതന ഇനത്തിൽ 299997 രൂപയും വാടകയിനത്തിൽ 2424 രൂപയും ചെലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം 2023.35 മീറ്റർ ആണ്.ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 1918.5 മീറ്ററാണ്. ഫയലിൽ 2 ഭൂഉടമളുടെ തൊഴിൽ അപേക്ഷ ആയിരുന്നു ഉള്ളത്. ആ അപേക്ഷ നൽകിയ എല്ലാ വീട്ടിലും അതുകൂടാതെ സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലും പ്രവർത്തി നടന്നതായി കാണാൻ കഴിഞ്ഞു.

## 8. കല്ല് കയ്യാല നിർമ്മാണം മൂരി കുത്തി 1

Work Code : 1604009005/WC/329820

പ്രവൃത്തി 14/12/2019 തുടങ്ങി 15/03/2019 ന് അവസാനിച്ചു. അഞ്ച് ഘട്ടങ്ങളിലായി 15 മാസ്റ്റർ റോളുകളിൽ ആയി നടന്ന പ്രവൃത്തിയായിരുന്നു. 34 തൊഴിലാളികൾ 27 ദിവസങ്ങളിലായി 545 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച ഈ പ്രവൃത്തിക്ക് വേതന ഇനത്തിൽ 147695 രൂപയും വാടക ഇനത്തിൽ 1140 രൂപയും ചിലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം 1141.52 മീറ്റർ ആണ്. പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോൾ ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 835 മീറ്റർ ആണ്. ഫയലിൽ 7 ഭൂഉടമകളുടെ തൊഴിൽ അപേക്ഷ ആയിരുന്നു ഉള്ളത്. ആ അപേക്ഷ നൽകിയ എല്ലാ വീട്ടിലും അതുകൂടാതെ സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലും പ്രവർത്തി ചെയ്തതായി കാണാൻ കഴിഞ്ഞു. പ്രവർത്തിയിൽ ഏർപ്പെട്ട സുലേഖ (KL-04-009-005-001/33)

എന്ന തൊഴിലാളിക്ക് പ്രവർത്തി സ്ഥലത്ത് നിന്നും അപകടം സംഭവിച്ചിട്ടും ചികിത്സ സഹായം ലഭിച്ചിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു.ചികിത്സ സഹായത്തിനുള്ള അപേക്ഷ കൊടുക്കുന്നതിനുള്ള അറിവില്ലായിരുന്നു എന്നു മനസ്സിലാക്കാൻ കഴിഞ്ഞു. സുമതി (KL-04-009-005-001/56) എന്ന ഭൂഉടമയുടെ സ്ഥലത്ത് 22 മീറ്റർ കല്ല് കയ്യാല നല്ലരീതിയിൽ ചെയ്തതായി കാണാൻ കഴിഞ്ഞു. ദേവി (KL-04-009-005-001/176) എന്ന ഭൂഉടമയുടെ സ്ഥലത്ത് 14 മീറ്റർ കല്ല് കയ്യാല കാട് പിടിച്ച നിലയിലുമായിരുന്നു കാണാൻ സാധിച്ചത്.

## 9. കല്ല് കയ്യാല നിർമ്മാണം മൂരികുത്തി - 4

Work Code : 1604009005/WC/330575

പ്രവൃത്തി 14/02/2019 തുടങ്ങി 10/03/2019 ന് അവസാനിച്ചു. നാല് ഘട്ടങ്ങളിലായി 14 മാസ്റ്റർ റോളുകളിലായി നടന്ന പ്രവർത്തിയായിരുന്നു. 26 തൊഴിലാളികൾ 23 ദിവസങ്ങളിലായി 411 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച ഈ പ്രവൃത്തിക്ക് വേതന ഇനത്തിൽ 111381 രൂപയും വാടകയിനത്തിൽ 899 രൂപയും ചെലവഴിച്ചു. മെഷർ മെന്റ് ബുക്ക് പ്രകാരം 553.26 മീറ്റർ ആണ് ഉള്ളത്. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 500 മീറ്റർ വരെ. ഫയലിൽ 7 ഭൂഉടമയുടെ അപേക്ഷ ആയിരുന്നു ഉള്ളത് .ആ അപേക്ഷ നൽകിയ എല്ലാ വീട്ടിലും അതുകൂടാതെ സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലും പ്രവർത്തി ചെയ്തതായി കാണാൻ കഴിഞ്ഞു. പ്രവർത്തി സ്ഥലത്ത് പ്രാഥമിക ശുശ്രൂഷ ലഭ്യമാകുന്നില്ല. തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ വേണ്ടി ചെയ്ത പ്രവർത്തിയായി തോന്നി.

## 10. മൺ ബണ്ട് നിർമ്മാണം മൂരികുത്തി - 6

Work Code : 1604009005/IF/301138

പ്രവർത്തി നടന്നത് 5 /10 /2018 മുതൽ 16 /10 /2018 വരെ ആയിരുന്നു. രണ്ട് ഘട്ടങ്ങളിലായി 33 മാസ്റ്റർ റോളുകളിൽ 163 തൊഴിലാളികൾ 10 ദിവസങ്ങളിലായി 1020 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച ഈ പ്രവൃത്തിക്ക് 276420 രൂപ

ചിലവഴിക്കേണ്ടി വന്നു. ആയുധ വാടകയിനത്തിൽ 2635 രൂപയും ചിലവായി. മെഷർമെൻറ് ബുക്ക് പ്രകാരം ഇതിൻറെ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 5522 മീറ്റർ ആണ്. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 3410 മീറ്റർ ആണ്. ഫയലിൽ 2 ഭൂ ഉടമളുടെ തൊഴിൽ അപേക്ഷ ആയിരുന്നു ഉള്ളത്. ആ അപേക്ഷ നൽകിയ എല്ലാ വീട്ടിലും അതുകൂടാതെ സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലും പ്രവർത്തി നടന്നതായി കാണാൻ കഴിഞ്ഞു. പ്രവർത്തി സന്ദർശന സമയത്ത് ലീല (KL-04-009-005-001/118), ചിരുത (KL-04-009-005-001/121) എന്നിവരുടെ വീട്ടിൽ നല്ല പ്രവർത്തി കാണാൻ സാധിച്ചു.

## 11. കുറ്റ്യാടി ഇറിഗേഷൻ കനാൽ 1/3

Work Code : 1604009005/IC/321343

പ്രവൃത്തി നടന്നത് 21/01/2019 മുതൽ 03/02/2019 വരെ. രണ്ട് ഘട്ടങ്ങളിലായി 10 മസ്റ്റർറോളുകളിലായി 48 തൊഴിലാളികൾ 12 ദിവസങ്ങളിലായി 327 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായ 92723 രൂപ അനുവദിച്ച ഈ പ്രവൃത്തിക്ക് വേതന ഇനത്തിൽ 88617 രൂപയും വാടകയിനത്തിൽ 4042 രൂപയും ചിലവഴിച്ചു. മെഷർമെൻറ് ബുക്ക് പ്രകാരം 1661 മീറ്റർ ആണ്. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 812 മീറ്ററാണ്. ഈ കനാലിന്റെ അരികിലായി കുറെ വൃക്ഷത്തൈകൾ നട്ടതായും കാണാൻ കഴിഞ്ഞു. കുറേ ഭാഗങ്ങൾ കാട് നിറഞ്ഞ അവസ്ഥയിൽ ആയിരുന്നു.

## 12. കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം - 2

Work Code: 1604009005/WC/328560

പ്രവൃത്തി നടന്നത് 26/10 /2018 മുതൽ 26/11/ 2018 വരെ. അഞ്ച് ഘട്ടങ്ങളിലായി 25 മാസ്റ്റർ റോളുകളിൽ 49 തൊഴിലാളികൾ 28 ദിവസങ്ങളിലായി 1065 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 300000 രൂപ അനുവദിച്ച ഈ പ്രവൃത്തിക്ക് വേതന ഇനത്തിൽ 288615 രൂപയും ആയുധ വാടകയിനത്തിൽ 2707 രൂപയും ചിലവഴിച്ചു. പ്രവർത്തി സ്ഥല പരിശോധനയിൽ പ്രകാരം 2312.09

മീറ്റർ ആണ്. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 2086 മീറ്റർ ആണ്. ഫയലിൽ 8 ഭൂഉടമകളുടെ തൊഴിൽ അപേക്ഷ ആയിരുന്നു ഉള്ളത്. ആ അപേക്ഷ നൽകിയ എല്ലാ വീട്ടിലും അതുകൂടാതെ സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലും പ്രവർത്തി നടന്നതായി കാണാൻ കഴിഞ്ഞു.പ്രവർത്തി സന്ദർശിച്ചപ്പോൾ റംല (KL-04-009-005-001/45) എന്നിവരുടെ സ്ഥലത്ത് നല്ല കയ്യാലകൾ കാണാൻ സാധിച്ചു.

## 13. കയ്യാല നിർമ്മാണം മൂരി കുത്തി ഭാഗം- 3

Work Code : 1604009005/WC/329772

പ്രവൃത്തി 26/10/2018 മുതൽ 27/ 11 /2018 വരെ. അഞ്ച് ഘട്ടങ്ങളിലായി 20 മാസ്റ്റർ റോളുകളിലായി 36 തൊഴിലാളികൾ 30 ദിവസങ്ങളിലായി 829 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. അടങ്കൽ തുകയായി 250000 രൂപയും വേദന ഇനത്തിൽ 224659 രൂപയും പണിയായുധ വാടകയിനത്തിൽ 2040 രൂപയും ചിലവഴിച്ചു. മെഷർ മെന്റ് ബുക്ക് പ്രകാരം 3271.3095 മീറ്റർ ആണ്. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 2900 മീറ്റർ ആണ്.

ഫയലിൽ 10 ഭൂ ഉടമകളുടെ തൊഴിൽ അപേക്ഷ ആയിരുന്നു ഉള്ളത്. ആ അപേക്ഷ നൽകിയ എല്ലാ വീട്ടിലും അതുകൂടാതെ സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലും പ്രവർത്തി നടന്നതായി കാണാൻ കഴിഞ്ഞു.സുമതി (KL-04-009-005-001/56) എന്ന ഭൂ ഉടയുടെ സ്ഥലത്ത് 2 മീറ്റർ കയ്യാല ഇടിഞ്ഞ നിലയിൽ കാണാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മുൻപ് സാങ്കേതിക ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കാറില്ല എന്ന് അറിയാൻ കഴിഞ്ഞു.

## 14. തോട് നവീകരണം

Work Code: 1604009005/WH/319970

പ്രവൃത്തി 10/12/2018 മുതൽ 23/ 12 /2018 വരെ. രണ്ട് ഘട്ടങ്ങളിലായി 17 മാസ്റ്ററോളുകളിലായി 52 തൊഴിലാളികൾ 13 ദിവസങ്ങളിലായി 901 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. വേതന ഇനത്തിൽ 24,4171 രൂപയും പണിയായുധ വാടകയിനത്തിൽ 1,263 രൂപയും ചെലവഴിച്ചു. അടങ്കൽ തുകയായി 250000 രൂപ

അനുവദിച്ച ഈ പ്രവർത്തിക്ക് 244171 രൂപയും വാടക ഇനത്തിൽ 1263 രൂപയും ചിലവഴിച്ചു. മെഷർ മെന്റ് ബുക്ക് പ്രകാരം 7418 മീറ്റർ ആണ്. ഞങ്ങൾക്ക് അളക്കാൻ കഴിഞ്ഞത് 3120 മീറ്റർ ആണ്. ബാക്കിയുള്ള ഭാഗം കാട് പിടിച്ച നിലയിലായിരുന്നു.

## പഞ്ചായത്ത് സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകളും അവയിലെ കണ്ടെത്തലുകളും

**1 ) തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ**

പഞ്ചായത്തിൽ രണ്ട് തരത്തിലുള്ള തൊഴിൽ കാർഡ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു. എം ഐ എസിൽ നിന്നും ലഭിക്കുന്ന പകർപ്പിൽ തൊഴിലാളികളുടെ ഫോട്ടോ ലഭ്യമായിരുന്നില്ല.

**2 ) ഗ്രാമസഭ രജിസ്റ്റർ**

തൊഴിലുറപ്പ് ഗ്രാമസഭ മിനിട്സും, പൊതു ഗ്രാമസഭാ മിനിട്സും ഒരേ രജിസ്റ്ററിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.പൊതു ഗ്രാമസഭയിലെ ഒരു അജണ്ടയായി മാത്രമാണ് തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നത്.

**3) തൊഴിൽ ആവശ്യപ്പെട്ടത് തൊഴിൽ നൽകിയതുമായിട്ടുള്ള രജിസ്റ്റർ**

ഡിമാൻഡ് അലോക്കേഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നു. എങ്കിലും ഈ സാമ്പത്തിക വർഷത്തിലെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ല.

**4 ) വർക്ക് രജിസ്റ്റർ**

വർക്ക് രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നു.

**5) ആസ്തി രജിസ്റ്റർ**

ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നു. എന്നാലും ഈ സാമ്പത്തികവർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

**6) മെറ്റീരിയൽ രജിസ്റ്റർ**

മെറ്റീരിയൽ രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നു.

**7) പരാതി രജിസ്റ്റർ**

പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നു. എന്നാലും പരാതികൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ല.

കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്. ഫയലുകളുടെ വിവരങ്ങളും കണ്ടെത്തലുകളും.

**1. കവർപേജ്**

പ്രവൃത്തി ഫയലിൽ എം ഐ എസ് പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നില്ല. സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുക പ്രവൃത്തി ഫയലുകളിൽ ഒന്നും തന്നെ കവർ പേജ് കാണുവാൻ സാധിച്ചില്ല. കവർപേജ് എല്ലാ പ്രവൃത്തി ഫയലിലും സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

**2. ചെക്ക് ലിസ്റ്റ്**

പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏത് പേജു മുതൽ സൂക്ഷിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്. പൊതു പ്രവൃത്തികളുടെ ഫയലുകളിൽ ചെക്ക് ലിസ്റ്റ് കാണുവാൻ കഴിഞ്ഞില്ല.

**3. ആക്ഷൻ പ്ലാൻ/ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.**

പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻ പ്ലാനിന്റെ കോപ്പി.

പൊതു പ്രവർത്തികളുടെ ഫയലുകളിൽ ആക്ഷൻ പ്ലാൻ പകർപ്പ് കാണുവാൻ കഴിഞ്ഞില്ല.

**4. ഭരണാനുമതി**

പ്രവൃത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ.ഭരണാനുമതി എല്ലാ പ്രവൃത്തികൾക്കും ഉണ്ടായിരുന്നു .

**5. സാങ്കേതിക എസ്റ്റിമേറ്റ് ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി**

ഒരു പ്രവൃത്തി എങ്ങനെ എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്. എസ്റ്റിമേറ്റ് ഡിസൈൻ പൊതു പ്രവൃത്തിയുടെ ഫയലുകളിൽ കാണാൻ സാധിച്ചു. എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട രേഖകളിൽ ഒന്നുംതന്നെ തീയ്യതി യോടു കൂടിയ ഒപ്പ് കാണാൻ കഴിഞ്ഞില്ല.

**6. സാങ്കേതിക അനുമതി കോപ്പി**

പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി രേഖ. പൊതു പ്രവൃത്തികളുടെ ഫയലുകളിൽ സാങ്കേതികാനുമതി പകർപ്പ് കാണുവാൻ കഴിഞ്ഞു.

**7. സംയോജിത പദ്ധതി വിശദാംശങ്ങൾ.**

ബാധകമല്ല

**8. തൊഴിലിനുള്ള അപേക്ഷ**

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് അപ്ലിക്കേഷൻ ഫോം. തൊഴിൽ ആവശ്യപ്പെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ ജോലി നൽകിയോ എന്നറിയുവാൻ സഹായിക്കുന്ന രേഖ കൂടിയാണ് ഡിമാൻഡ് അപ്ലിക്കേഷൻ ഫോം. വ്യക്തിപരമായി തൊഴിലാളികളുടെ അപേക്ഷ ഫയലുകളിൽ കാണുവാൻ സാധിച്ചു. തൊഴിൽ കാർഡ് നമ്പർ, പേര്, അപേക്ഷിച്ച ദിവസം എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിലിന് അപേക്ഷിക്കുന്നുണ്ടെങ്കിൽ പോലും അപേക്ഷയിൽ എന്നു മുതൽ എന്നു വരെ തൊഴിൽ വേണമെന്ന് കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. 14 ദിവസത്തേക്ക് മാത്രം അപേക്ഷിക്കുന്നതിനുള്ള ഫോം ആണ് ഉള്ളത്. കൈപ്പറ്റ് രസീത് തൊഴിലാളികൾക്ക് നൽകുന്നില്ല. എന്നാൽ ഫീൽഡ് സന്ദർശനത്തിൽ മനസ്സിലാക്കാൻ സാധിച്ചത് ഇതിനായി

മൂന്നു രൂപ തൊഴിലാളികളിൽ നിന്ന് ചെലവാക്കുന്നുണ്ട് എന്നതാണ്.

**9. തൊഴില് അനുവദിച്ചതിനെ പകർപ്പ്**

പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ ഫോം. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ പ്രവൃത്തി ലഭിച്ചു എന്ന് അറിയാൻ ഈ ഫോം സഹായിക്കും സോഷ്യൽ ഓഡിറ്റ് നടത്തിയ ഫയലുകളിൽ പ്രവർത്തി അനുവദിച്ചതിന്റെ പകർപ്പ് ഫയലുകളിൽ കാണുവാൻ സാധിച്ചില്ല.

**10. പൂരിപ്പിച്ച മാസ്റ്റർറോളിന്റെ കോപ്പി**

തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്താനുള്ള രേഖയാണ് മാസ്റ്റർ റോൾ. എല്ലാ ഫയലുകളിലും പൂരിപ്പിച്ച് മാസ്റ്റർ റോൾ ഉണ്ടായിരുന്നു. ഹാജറിനൊപ്പമുള്ള പ്രവർത്തി ചെയ്ത ദിവസം അടയാളപ്പെടുത്തിയിട്ടില്ല.

**11. മെഷർമെൻറ് ബുക്കിന്റെ കോപ്പി**

ഒരു പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്. എല്ലാ ഫയലിന്റെയും മെഷർമെൻറ് ബുക്ക് കൃത്യമായി സൂക്ഷിച്ചതായി കാണുന്നു.

**12. സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി**

ഒരു പ്രവൃത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ പ്രൊക്യുർമെന്റ്. സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുകയും 15 പ്രവൃത്തി ഫയലുകളിലും കാണാൻ കഴിഞ്ഞില്ല.

**13. വെജ് ലിസ്റ്റ്**

മാസ്റ്റർ റോളിൽ  ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കാനുള്ള ആധികാരിക രേഖ ആണ്. എല്ലാ ഫയലിലും പ്രാദേശികമായിട്ടുള്ള വെജ് ലിസ്റ്റ് കാണാൻ സാധിച്ചു.

**14. വേതനത്തിന്റെയും സാധനങ്ങൾക്ക് പണം അടച്ചതിന്റെയും**

**എഫ് ടി ഒ യുടെ കോപ്പി**

പ്രാദേശികമായി  കാണാൻ സാധിച്ചു.

**15. മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളും കോപ്പി**

ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ്  പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ ഡോക്യുമെൻററി. പ്രവർത്തി ഫയലുകളിൽ  ഒന്നും തന്നെ  ഉണ്ടായിരുന്നില്ല.

**16. റോയലിറ്റി അടച്ചതിന്റെ രസീത് കോപ്പി**

ബാധകമല്ല

**17. മൂന്ന് ഘട്ടങ്ങൾ ആയുള്ള തൊഴിലിന്റെ  ഫോട്ടോകൾ പ്രവർത്തനവുമായി**

ബന്ധപ്പെടുത്തി എടുക്കേണ്ട മൂന്നു ഫോട്ടോ പതിപ്പുകൾ അതായത് പ്രവർത്തനത്തിന് ആരംഭം പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവർത്തനം പൂർത്തീകരിച്ചപ്പോൾ എന്നീ മൂന്നുതരം ഫോട്ടോ സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ പരിശോധന സമയത്ത് ഫയലുകളിൽ പ്രവൃത്തികളുടെ മൂന്ന് ഘട്ടങ്ങളായി ഉള്ള ഫോട്ടോകൾ കാണുവാൻ സാധിച്ചില്ല.

**18. പൂർത്തീകരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി**

പ്രവൃത്തി പൂർത്തീകരിച്ചു എന്നതിൻറെ രേഖയാണ് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം. പൂർത്തീകരണ സർട്ടിഫിക്കറ്റ് ഒന്നും തന്നെ  കാണുവാൻ സാധിച്ചില്ല.

**19. മാസ്റ്ററോൾ മൂവ്മെൻറ് സ്ലിപ്പ്/ ഫയൽ ട്രാക്കിംഗ് ഫോറം**

പ്രവൃത്തി പൂർത്തീകരിച്ചു എന്നതിൻറെ രേഖയാണ് പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം. പ്രവൃത്തി ഫയലുകളിൽ എല്ലാം തന്നെ ഫയൽ ട്രാക്കിംഗ് ഫോറം ഉണ്ടായിരുന്നു.

**20. ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോകൾ**

പ്രവർത്തികൾ ജിയോ ടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടാഗ് ഫോട്ടോഗ്രാഫ്. ജിയോ ടാഗ് ഫോട്ടോകൾ ഫയലുകളിൽ ഒന്നും തന്നെ ലഭ്യമായിരുന്നില്ല.

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി**

പ്രവൃത്തി സോഷ്യൽ ഓഡിറ്റിന് വിധേയമായതാണോ എന്ന് പരിശോധിക്കാൻ സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്. ആറുമാസം കൂടുമ്പോൾ ഓഡിറ്റ് ചെയ്യേണ്ടതാണ്.

**22. സൈറ്റ് ഡയറി**

പ്രവർത്തി സ്ഥലത്തെ മുഴുവൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ടിയുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി. സൈറ്റ് ഡയറി തോട് നവീകരണം 1/1മൂരികുത്തി (WH/320233) എന്ന പ്രവർത്തി ഫയലിൽ കാണുവാൻ കഴിഞ്ഞില്ല. ബാക്കിയുള്ള എല്ലാ ഫയലുകളിൽ സൈറ്റ് ഡയറി കാണുവാൻ സാധിച്ചു.

മേറ്റിന്റെ വിലാസവും ഫോൺ നമ്പറും കൃത്യമായി സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതാണ്. ചെക്ക് ലിസ്റ്റ് പൂർണമായിരുന്നു പ്രൊജക്റ്റ് മീറ്റിംഗ് നടത്തിയതിന് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പണിയായുധം വാടക സൈറ്റ് ഡയറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.സന്ദർശക കുറിപ്പിൽ സന്ദർശകർ അവരുടെ പേര് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയത്. കുറിപ്പുകൾ രേഖപ്പെടുത്തേണ്ടതാണ്.

## അനുബന്ധം

തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടത്താവുന്ന പ്രവർത്തികൾ

**വിഭാഗം എ :**

പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവർത്തികൾ

1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ , മൺ തടയണകൾ, അണകൾ ചെക്ക് ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജല കൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ

2. ഒരു നീർതടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കൊണ്ടൂർ ട്രെഞ്ചുകൾ, തട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടുകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവർത്തികൾ .

3. സൂക്ഷ്മ ചെറുകിട ജലസേചന പ്രവർത്തികളും തോടുകൾ /കനാൽ എന്നിവയുടെ നിർമാണം, പുനരുദ്ധാരണം, മെയിന്റൻസ് എന്നീ പ്രവർത്തികളും.

4. ജലസേചന കുളങ്ങളുടെയും മറ്റു ജലസ്രോതസ്സുകളെയും ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും

5. കടലോരങ്ങളും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വന ഭൂമിയിലും മറ്റ് പൊതു ഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വെച്ചു പിടിപ്പിക്കലും വനവൽക്കരണവും.

7.പൊതു ഭൂമിയിലെ ഭൂവികസന പ്രവർത്തികൾ.

**വിഭാഗം ബി**

* വാർഡിൽ ഉൾപ്പെടുന്ന നാല് പൊതു കിണറുകളുടെ നവീകരണം, റീചാർജ്

*വനാതിർത്തിയോട് ചേർന്നുള്ള പുരയിടങ്ങളിൽ ഉപകാരപ്രദമാകുന്ന ജൈവ നിർമ്മാണം.

* തോടിനോട് ചേർന്ന് താമസിക്കുന്നവർക്ക് നീരുറവ സംരക്ഷണം സാധ്യമാകുന്ന പ്രവർത്തനങ്ങൾ

*പൊതു-സ്വകാര്യ കുളങ്ങളുടെ നവീകരണം.

**വിഭാഗം സി**

* ആട്ടിൻ കൂട്. കോഴിക്കൂട്, പശു തൊഴുത്ത് നിർമ്മാണം.

* മത്സ്യക്കുളം നിർമ്മാണം.

**വിഭാഗം ഡി**

* സ്വയം സഹായ സംഘങ്ങൾക്ക് കൂട്ടുകൃഷി നിലമൊരുക്കൽ, അംഗൻവാടി, സ്കൂൾ, ചുറ്റുമതിൽ നിർമ്മാണം.

## <u>നിർവഹണ ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശം</u>

## ബി. ഡി.ഒ

*മസ്റ്റർറോളിൽ ബി. ഡി. ഒ ഒപ്പും സീലും പതിപ്പിക്കുന്നതിനോടൊപ്പം തിയ്യതിക്കൂടി ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

*അക്കൗണ്ടൻറ്, എ.ഇ അക്രെഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ, മേറ്റ്മാർ എന്നിവർക്ക് അവരുടെ ചുമതലകൾ കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തികളെ കുറിച്ചും മതിയായ ട്രെയിനിങ് കൊടുക്കുക.

* ബി. ഡി. ഒ കഴിയുന്ന സമയങ്ങളിൽ തൊഴിലാളികളെയും തൊഴിൽ സ്ഥലങ്ങളും സന്ദർശിക്കുന്നത് ഗുണകരമായിരിക്കും.

## സെക്രട്ടറി /അസിസ്റ്റൻറ് സെക്രട്ടറി

മാസ്റ്റർ റോളിൽ ഒപ്പിനും സീൽ നും ഒപ്പം തീയതി കൂടി ചേർക്കാൻ ശ്രദ്ധിക്കുക.

*7 രജിസ്റ്ററുകൾ., എം ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി ആധികാരത ഉറപ്പുവരുത്തുക.

* തൊഴിലാളികളുടെ അവകാശങ്ങൾ,അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.

* ചികിത്സാ ചെലവ് കൃത്യമായി അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക *ഏറ്റെടുത്ത നടപ്പിലാക്കുവാൻ സാധിക്കുന്ന വർക്കുകൾക്ക് അനുസൃതമായ ഷെൽഫ്ഓഫ് പ്രൊജക്റ്റ് കണ്ടെത്തി വെക്കുക.

* വിജിലൻസ് അലി മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക. ആറുമാസത്തിലൊരിക്കൽ പുന:സം ഘടിപ്പിക്കുകയും ചെയ്യുക.

## അക്കൗണ്ടന്റ് /ഡി. ഇ .ഒ / എ. ഇ /ഓവർസിയർ

* വർക്ക് ഫയലുകളിൽ അനുവൽ മാസ്റ്റർ സർക്കുലറിൽ പറയുന്ന പ്രകാരമുള്ള 22 ഡോക്യുമെൻററി ഉണ്ടെന്ന് ഉറപ്പുവരുത്തി പ്രവർത്തികൾ തയ്യാറാക്കുക.

*സൈറ്റ് ഡയറി വ്യക്തമായി എഴുതി സൂക്ഷിക്കുന്നതിനും മേറ്റ്മാർക്ക് നിർദ്ദേശം നൽകുക.

*മസ്റ്റർറോൾ തൊഴിൽ ഇടങ്ങളിലെത്തിച്ച് പ്രൊജക്റ്റ് ഇനിഷ്യറ്റിവ് മീറ്റിംഗ് കൂടി പണി ആരംഭിക്കുന്നതിന് സഹായിക്കുക.

* കൃത്യമായ ഇടവേളകളിൽ തൊഴിലിടം സന്ദർശിച്ച തൊഴിൽ ആണെന്ന എം ബുക്കിൽ രേഖപ്പെടുത്തുക.

*ഡിമാൻഡ് അനുസരിച്ച് തൊഴിൽ നൽകുക.

* തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യം നൽകുക.

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ

മാസ്റ്റർ റോൾ വിതരണത്തിന് സഹായിക്കുക. പൂർത്തിയായ മാസ്റ്റർ റോളുകൾ മേറ്റിൽ നിന്നും ശേഖരിച്ച് വർക്ക് ബില്ലുകൾ

പൂർത്തീകരിച്ച് വേതന വിതരണത്തിന് നടപടി സ്വീകരിക്കുക. രജിസ്റ്ററുകൾ സൂക്ഷിക്കുക. തൊഴിലാളികളുടെ വേതനം( ഡി.ബി.ഡി) മുഖേന എന്ന് ഉറപ്പുവരുത്തുക.

## മേറ്റ്

*മാസ്റ്റർ റോൾ കൃത്യമായി ഒപ്പുവെപ്പിക്കുക

*ഹാജരാകാത്തവരുടെ വിവരം അടയാളപ്പെടുത്തുക.

*മസ്റ്റർറോളിൽ തൊഴിൽ ദിനങ്ങളുടെ തിയ്യതി അടയാളപ്പെടുത്തുക.

*സൈറ്റ്ഡയറി പൂർണമായി പൂരിപ്പിക്കുക.

*തൊഴിൽ സൈറ്റുകളിൽ വെച്ച് അപകടം നടന്നിട്ടുണ്ടെങ്കിൽ ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യുക.

*നിശ്ചിത അളവിലും ഗുണനിലവാരത്തിലും ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

## പഞ്ചായത്തിനോട്

* കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ,സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എന്നിവ നടത്തുക.

* കൂടുതൽ പദ്ധതികളും മണ്ണ് കയ്യാല, കല്ല് കയ്യാല ആണ് ചെയ്തിരിക്കുന്നത്. സ്ഥിര ആസ്തി ഉണ്ടാകുന്ന പ്രവർത്തികൾ തിരഞ്ഞെടുക്കുക.

* കൃഷി സംബന്ധമായ പദ്ധതികൾ തിരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടനസ്ഥാപനമായ കൃഷിഭവനുമായി ആലോചിച്ച് സംയോജിത പദ്ധതികൾ ഏറ്റെടുത്തു നടത്തുക.

*വിദ്യാലയങ്ങൾക്ക് കളിസ്ഥലം, ചുറ്റുമതിൽ എന്നിവ നിർമ്മിച്ച് നൽകുക.

*ദേശീയ ഉപജീവന മിഷന്റെ സഹായത്തോടെ മെച്ചപ്പെട്ട രീതിയിൽ ഉള്ള തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദഗ്ദ്ധ /അർദ്ധ വിദഗ്ദ്ധ തൊഴിലാളികളാക്കി മാറ്റുക.

## * സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട് ഒന്നാം വാർഡ്

കൂത്താളി ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 28 /10/2019ന് പഞ്ചായത്ത് ഹാളിൽ വെച്ച് നടന്നു. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ഒന്നാം വാർഡ് മെമ്പർ ആയ ബിജി, പതിമൂന്നാം വാർഡ് മെമ്പറായ രാധാ പള്ളിക്കണ്ടി, പന്ത്രണ്ടാം വാർഡ് മെമ്പർ സുമ ഇ കെ, തൊഴിലുറപ്പ് വിഭാഗം ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഒന്നാം വാർഡിലെ 156 തൊഴിലുറപ്പ് തൊഴിലാളികൾ, വി ആർപിമാർ എന്നിവർ പങ്കെടുത്തു.

സ്വാഗതം : വാർഡ് മെമ്പർ ബിജി

അധ്യക്ഷൻ: ഒന്നാം വാർഡ് തൊഴിലാളി ബാലൻ

പ്രതിജ്ഞ : രമ്യ വി പി

ആമുഖം : അമൃതരാജ് കെ പി

റിപ്പോർട്ട്

അവതരണം : ഷബീന എൻ പി

നന്ദി : ഭവാനി തൊഴിലാളി

## * ഗ്രാമസഭയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ, വിശദീകരണങ്ങൾ, തീരുമാനങ്ങൾ.

തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ തൊഴിലാളികളുമായി നടത്തിയ ചർച്ചയിൽ തൊഴിലാളികൾ ചോദിച്ച ചോദ്യങ്ങളും അതിനുള്ള മറുപടിയും താഴെ കൊടുക്കുന്നു

**<u>* ചർച്ച</u>**

1.ചന്ദ്രശേഖരൻ (KL-04-009-005-001/133)100 പണി തികഞ്ഞ അവരുടെ പേര് ഗ്രാമസഭയിൽ പേര് വന്നിരുന്നു പക്ഷേ തൊഴിൽ ചെയ്ത് പണം ഇതുവരെ ലഭിച്ചില്ല

2 .ദേവി (KL-04-009-005-001/110): വളരെ ദൂരത്തേക്ക് പണി ലഭിക്കുന്നത്

3. ഗൗരി (KL-04-009-005-001/206)ഉദ്യോഗസ്ഥരുടെ വീട്ടിൽ പണി എടുക്കാമോ?

4.ഷീജ (KL-04-009-005-001/98)

സ്കൂളിൽ പോകുന്ന കുട്ടികൾ ഉണ്ടെങ്കിൽ അടുത്ത സൈറ്റിൽ കിട്ടുമോ?

5. ജാനു (KL-04-009-005-001/86)

അഞ്ചോ, ആറോ പശുക്കൾ ഉണ്ടെങ്കിൽ

തൊഴിലുറപ്പിൽ ഉൾപ്പെടുത്താമോ?

6. തങ്കം (KL-04-009-005-001/61)

പ്രായമുള്ളവർ വീട്ടിലുള്ളപ്പോൾ ദൂരെ സ്ഥലത്തേക്ക് പോകാൻ ഉള്ള ബുദ്ധിമുട്ട്.

7. സാവിത്രി (KL-04-009-005-001/135)

82 ൽ കൂടുതൽ തൊഴിലാളികൾ ഉള്ളിടത്ത് ഓരോ തൊഴിലാളികളുടെയും ഏരിയ അനുസരിച്ചു സൈറ്റ് നൽകാമോ?

8. സരോജിനി (KL-04-009-005-001/374)

മാസ്റ്ററോളിലെ കള്ളികൾ വളരെ ചെറുതായതിനാൽ ഒപ്പിടാനുള്ള ബുദ്ധിമുട്ട്.

**<u>* മറുപടി</u>**

എ ഇ ആയ ശരത്ത് ബി ടി യും, വി ആർ പി മാരും ചർച്ചയ്ക്കുള്ള മറുപടി നൽകി.

* 100 പണി തികഞ്ഞ പേര് ഗ്രാമസഭയിൽ വായിച്ചിട്ടുണ്ടെങ്കിൽ എന്തായാലും പണം ലഭിക്കും എന്നാണ് എ ഇ പറഞ്ഞത്.

* ദൂരങ്ങളിൽ പണി ലഭിക്കുന്നതിന് എ ഇ മറുപടി നൽകിയത് ഇതുവരെ ഒരു തൊഴിലും അഞ്ചുകിലോമീറ്റർ ദൂരെ നൽകിയില്ല എന്നാണ് പറഞ്ഞത്.

* ഉദ്യോഗസ്ഥരുടെ വീട്ടിൽ പണി എടുക്കരുതെന്ന് വി ആർ പി മാർ പറഞ്ഞു.

*പണി ദൂരെ കിട്ടുന്നത് പ്രൊജക്റ്റ് മീറ്റിംഗ് ൽ ഒപ്പിടുന്നതിന്റെ വ്യത്യാസം മൂലം ആണ് ആ ഒരു പ്രദേശത്ത് തൊഴിൽ ലഭിക്കാതെ വരുന്നത് എ ഇ പറഞ്ഞു.

* നാല്പതിൽ കൂടുതൽ ആളുകൾ ഉണ്ടെങ്കിൽ 2 മാറ്റുമാരെ വെച്ച് ഓരോ പ്രദേശത്തെ ആളുകൾ ഉള്ള രണ്ട് ഗ്രൂപ്പ് ആക്കി മാറ്റി പണി ചെയ്യാവുന്നതാണ്.

* മാസ്‌ട്രോളുകളുടെ കള്ളിയുടെ വലുപ്പത്തിന് ഒന്നും പഞ്ചായത്തിൻറെ രീതിയിൽ ചെയ്യാൻ പറ്റില്ല എന്നും, ഇതൊക്കെ ബ്ലോക്കിന്റെ ഉത്തരവാദിത്വമാണെന്നും ഇപ്പോൾ വന്ന മാസ്‌ട്രോള് A4 ആണെന്നും അതിൽ ഇതുവരെ ഉള്ള A3 പേപ്പറിനെക്കാളും ഒപ്പ് രേഖപ്പെടുത്താൻ ബുദ്ധിമുട്ട് ഉണ്ടാവും എന്ന് എ ഇ അഭിപ്രായപ്പെട്ടു.